# 1. ആമുഖം

20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ലോകത്താകമാനം തൊഴിൽമേഖലകളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെങ്കിലും സാങ്കേതികമികവും വൈദഗ്ദ്യവും പുലർത്തുന്ന തൊഴിലാളികളുടെ അഭാവം രൂക്ഷമായിരുന്നു. പൊതുവിദ്യാഭ്യാസ മേഖല പാഠ്യവിഷയങ്ങളിൽ മാത്രമായി ഒതുങ്ങിയിരുന്ന ആ കാലഘട്ടത്തിൽ സാങ്കേതികവിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമായിരുന്നു. തദവസരത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ പുതിയൊരു തലമുറയെ സമൂഹത്തിന്റെ താഴെക്കിടയിൽനിന്നും വാർത്തെടുക്കുക എന്ന ഉദ്ദേശത്തിലാണ് ടെക്നിക്കൽ സ്കൂളുകൾ നിലവിൽ വന്നത്. ഇതിലൂടെ സമത്വം, തൊഴിൽ സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുവാനും അതുമൂലം ജീവിതസാഹചര്യങ്ങളിലും ഗണ്യമായ മാറ്റങ്ങൾ വരുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

ഇന്ന് ശാസ്ത്ര - സാങ്കേതിക - ബഹിരാകാശ രംഗങ്ങളിൽ വന്നിട്ടുള്ള പുരോഗതി നമ്മുടെ രാജ്യത്ത് മാത്രമല്ല ലോകമെമ്പാടും പ്രകടമാണ്. ഈ അവിസ്മരണീയമായ നേട്ടത്തിൽ നമ്മുടെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിയ സംഭാവനകൾ നിസ്തുലവും അതുല്യവുമാണ്. തൊഴിലധിഷ്ഠിതമായ നൈപുണ്യ വികസനത്തിനായി പൊതു വിദ്യാഭ്യാസ സ്കൂളുകൾ ശ്രമിക്കുന്ന ഈ അവസരത്തിൽ ടെക്നിക്കൽ ഹൈസ്കൂളുകൾ കാലത്തിനു മുന്നേ നടന്നു എന്നുതന്നെ പറയാം.

ടെക്നിക്കൽ ഹൈസ്കൂൾ സംരംഭം ആരംഭിച്ചു ആറ് പതിറ്റാണ്ടുകൾ ആകുമ്പോൾ ഉദ്ദേശ ലക്ഷ്യങ്ങൾ ഒരു പരിധി വരെയെങ്കിലും നേടാൻ കഴിഞ്ഞുവെന്നത് വിലമതിക്കാനാവാത്ത നേട്ടം തന്നെയാണ്. സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിന്നിരുന്ന വിഭാഗത്തെ പ്രോത്സാഹനം നൽകി ശാസ്ത്ര സാങ്കേതിക രംഗത്തെയ്ക്ക് ആകർഷിച്ചു കൈപിടിച്ച് കൊണ്ടുവരാനായതും സ്വയം തൊഴിൽ എന്ന ആശയത്തിലേയ്ക്ക് ആത്മവിശ്വാസത്തോടെ കടന്നുവരാനുള്ള അവസരത്തിന് തലമുറകളെ പ്രാപ്തരാക്കുകയും ചെയ്തുവെന്നത് ചാരിതാർഥ്യത്തോടെ തന്നെ നമുക്ക് പറയാം.

# 2. ചരിത്രം

സാങ്കേതികവിദ്യാഭ്യാസവകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 1961 - ലാണ് നെടുമങ്ങാട് ജൂനിയർ ടെക്നിക്കൽ സ്ക്കൂൾ പ്രവർത്തനമാരംഭിച്ചത്. അടിസ്ഥാനതലം മുതൽ പരിശീലനം നൽകി മികച്ച സാങ്കേതികവിദഗ്ദ്ധരെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ ഈ വിദ്യാലയത്തിൽ തുടക്കത്തിൽ മൂന്ന് സ്പെഷ്യലിസ്റ്റ് ട്രേഡുകളിലായി ആകെ 60 വിദ്യാർഥികൾക്കാണ് പ്രവേശനം അനുവദിച്ചിരുന്നത് .


1959 -ൽ കേരളത്തിന്റെ പ്രഥമമുഖ്യമന്ത്രിയായിരുന്ന ബഹുമാന്യനായ ശ്രീ. ഇ.എം.ശങ്കരൻനമ്പൂതിരിപ്പാട് അവർകൾ ശിലാസ്ഥാപനം നിർവ്വഹിച്ച് പണികഴിപ്പിച്ച മന്ദിരത്തിൽ പ്രവർത്തനമാരംഭിച്ച ഈ കലാലയത്തിൽ തുടക്കത്തിൽ 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെയുള്ള പ്രീ വെക്കേഷണൽ ട്രെയിനിംഗ് കോഴ്സ് ഉൾപ്പെടെ 10-ാം ക്ലാസ്സ് വരെയാണ് ക്ലാസ്സുകൾ ഉണ്ടായിരുന്നത്. 7-ാം ക്ലാസ്സ് പഠനം പൂർത്തിയാകുന്ന വിദ്യാർഥികൾക്ക് പ്രവേശനപരീക്ഷയിലൂടെയാണ് അഡ്മിഷൻ നൽകുന്നത്. 2012 മുതൽ പഠനമാധ്യമം ഇംഗ്ലീഷ് ആണ്.

പ്രീ വെക്കേഷണൽ ട്രെയിനിംഗ് കോഴ്സ് പിക്കാലത്ത് നിർത്തലാക്കുകയും 8-ാം ക്ലാസ്സ് സീറ്റുകളുടെ എണ്ണം കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് 120 ആകുകയും ചെയ്തിരുന്നു. 2025-26 അദ്ധ്യയനവർഷം മുതൽ പ്രവേശനം 90 കുട്ടികൾക്കായി നിജപ്പെടുത്തിയിട്ടുണ്ട്. വിദ്യാലയത്തിന്റെ പേര് ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, നെടുമങ്ങാട് എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. 1985-ൽ വോക്കേഷണൽ ഹയർസെക്കൻഡറി ഈ സ്ഥാപനതിനോട് ചേർന്ന് ആരംഭിക്കുകയുണ്ടായി. 1993-ൽ ഗവ: പൊളിടെക്നിക്കും ഇതേ കാമ്പസിൽ പ്രവർത്തനമാരംഭിച്ചു. കൂടാതെ അരുവിക്കരയിൽ പ്രവർത്തിക്കുന്ന സർക്കാർ ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഈ സ്ഥാപനത്തിന്റെ പരിധിയിലാണ്.

VSSC, ISRO, Indian Railway, BSNL, BHEL, BEL തുടങ്ങിയ കേന്ദ്രസർക്കാർ, പൊതുമേഖലാസ്ഥാപനങ്ങളിലും, PWD, KSEB, KSRTC, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള കേരളസർക്കാർ സ്ഥാപനങ്ങളിലും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളിലും, ഇൻഡസ്ട്രികളിലും ജോലിചെയ്യുന്ന പ്രഗൽഭരായ ഒരുകൂട്ടം സാങ്കേതികവിദഗ്ദരെ സംഭാവനചെയ്യുവാൻ വജ്രജൂബിലിയിലേക്ക് കടക്കുന്ന ഈ വിദ്യാഭ്യാസ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട് എന്ന് അഭിമാനത്തോടെ പറയാം.


# 3. പ്രാഥമിക വിവരങ്ങൾ

| | | |
|---|---|---|
| 01 | വിദ്യാലയത്തിന്റെ പേര് | ഗവ. ടെക്നിക്കൽ ഹൈസ്കൂൾ, നെടുമങ്ങാട്. |
| 02 | വിലാസം | മഞ്ച.പി.ഒ, നെടുമങ്ങാട്, തിരുവനന്തപുരം - 695541 |
| 03 | ഫോൺനമ്പർ | 04722812686, 9400006460 |
| 04 | ഇ-മെയിൽ | thsnedumangad@gmail.com |
| 05 | സ്കൂൾ കോഡ് | 42501 |
| 06 | UDISE കോഡ് | 32140600618 |
| 07 | ഡിപ്പാർട്ട്മെന്റ് | സാങ്കേതിക വിദ്യാഭ്യാസം |
| 08 | വിദ്യാഭ്യാസ ഉപജില്ല | നെടുമങ്ങാട് |
| 09 | വിദ്യാഭ്യാസ ജില്ല | ആറ്റിങ്ങൽ |
| 10 | റവന്യൂ ജില്ല | തിരുവനന്തപുരം |
| 13 | താലൂക്ക് | നെടുമങ്ങാട് |
| 14 | നിയമസഭാമണ്ഡലം | നെടുമങ്ങാട് |
| 15 | ലോകസഭാമണ്ഡലം | ആറ്റിങ്ങൽ |




**google map**




**Campus outline**

## പരിശീലനം ലഭ്യമായ സാങ്കേതിക വിഷയങ്ങൾ:

6 പ്രധാന ട്രേഡുകൾ ആണ് നിലവിലുള്ളത്. കൂടാതെ 8-ാം ക്ലാസ്സിൽ ബേസിക് ട്രേഡുകളിലും പരിശീലനം നൽകുന്നുണ്ട്.

### പ്രധാന ട്രേഡുകൾ

- ഫിറ്റിംഗ്
- വെൽഡിംഗ്
- ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലൈൻസസ്
- ഓട്ടോമോബൈൽ
- ഇലക്രോപ്ലേറ്റിംഗ്
- ടേർണിംഗ് (മെഷീൻ ഷോപ്പ് )



### ബേസിക് ട്രേഡുകൾ

- ഷീറ്റ്മെറ്റൽ
- ഫിറ്റിംഗ്
- ഇലക്ട്രിക്കൽ
- കാർപന്ററി

എട്ടാം ക്ലാസ് വാർഷികപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ കുട്ടികളിൽ നിന്നും ഓപ്ഷൻ സ്വീകരിച്ചാണ് സ്പെഷ്യൽ ട്രേഡുകൾ തിരഞ്ഞെടുക്കുന്നത്. പത്താം ക്ലാസ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥിക്ക് THSLC സർട്ടിഫിക്കറ്റിൽ ബന്ധപ്പെട്ട ട്രേഡ് സർട്ടിഫിക്കറ്റ് കൂടി ഉൾപ്പെടുത്തിയാണ് നൽകുന്നത്. PSC യുടെ പല തസ്തികകളിലും ഇത് ITI/VHSE യോഗ്യതയ്ക്ക് തുല്യമായി പരിഗണിക്കാറുണ്ട്.

സാങ്കേതികവിഷയങ്ങൾക്ക് പുറമേ പൊതുവിദ്യാഭ്യാസവകുപ്പ് സിലബസിൽ ഉൾപ്പെടുത്തിയിട്ടുള്ള 7 വിഷയങ്ങൾ കൂടി ഉൾപ്പെട്ടതാണ് ടെക്നിക്കൽ സ്കൂൾ പാഠ്യപദ്ധതി. പഠനമാധ്യമം ഇംഗ്ലീഷ് ആണ്. പ്രവർത്തനസമയം രാവിലെ 9:00 മണിമുതൽ വൈകുന്നേരം 4:00 മണിവരെ ആണ്.

## ജീവനക്കാർ:

ടെക്നിക്കൽ ഹൈസ്കൂളിൽ 44 തസ്തികയും അരുവിക്കര GIFD യിൽ 5 തസ്തികയും ഉൾപ്പെടെ ആകെ 49 തസ്തികകൾ ആണ് നിലവിലുള്ളത്. ഇതിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള 7 ഹൈസ്കൂൾ അധ്യാപക തസ്തിക കൂടി ഉൾപ്പെടുന്നു. വിശദവിവരങ്ങൾ:-

| SL.No. | CATEGORY | SANCTIONED STRENGTH | PRESENT STRENGTH | VACANCY |
|---|---|---|---|---|
| | SUPERINTENDENT | 1 | 1 | 0 |
| 01 ACADEMIC | HIGH SCHOOL TEACHER | 6 | 5 | 1 |
| | ENGINEERING INSTRUCTOR | 1 | 0 | 1 |
| | DRAFTSMAN GR-I | 1 | 1 | 0 |
| | DRAFTSMAN GR-II | 1 | 1 | 0 |
| 02 TECHNICAL | WORKSHOP FOREMAN | 1 | 1 | 0 |
| | WORKSHOP INSTRUCTOR | 5 | 5 | 0 |
| | TRADE INSTRUCTOR | 10 | 10 | 0 |
| | TRADESMAN | 6 | 3 | 3 |
| 03 MINSTERIAL | HEAD CLERK | 1 | 1 | 0 |
| | CLERK | 3 | 3 | 0 |
| | TYPIST | 1 | 1 | 0 |
| | OFFICE ATTENDANT | 2 | 2 | 0 |
| | WATCHMAN | 1 | 1 | 0 |
| | PART TIME STAFF | 4 | 4 | 0 |
| 04 GIFD | INSTRUCTRESS | 4 | 4 | 0 |
| | PART TIME STAFF | 1 | 1 | 0 |
| | TOTAL: | 49 | 44 | 5 |

രണ്ട് ഡിവിഷൻ ഉള്ള ടെക്നിക്കൽ ഹൈസ്കൂളുകളിൽ രണ്ട് ഗണിതം അദ്ധ്യാപകതസ്തികകൾ ആവശ്യമുണ്ട്. എന്നാൽ നെടുമങ്ങാട് ടെക്നിക്കൽ ഹൈസ്കൂളിൽ നിലവിൽ ഒരു തസ്തികയെ ഉള്ളൂ. എന്നാൽ 1993 വരെ രണ്ട് തസ്തികകൾ ഉള്ളതായും കാണുന്നു. ദീർഘകാലം ഒഴിവിൽ നിയമനം നടക്കാത്തത് കാരണം തസ്തിക നഷടപ്പെട്ടതാണ് എന്ന് കാണുന്നു. ടി തസ്തിക വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

# 4. ലക്ഷ്യങ്ങൾ, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ സാങ്കേതിക വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- പ്രായോഗിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക
- പ്രായോഗിക പരിശീലനത്തിലൂടെ കുട്ടികളെ സ്വയം തൊഴിലിന് പ്രപ്തരാക്കുന്നതിനുള്ള അടിസ്ഥാന സാങ്കേതികവിദ്യാഭ്യാസം നൽകുക
- പ്രായോഗിക പരിശീലനത്തിനൊപ്പം സാങ്കേതിക വിഷയങ്ങൾക്കും പൊതുവിഷയങ്ങൾക്കും തുല്യ പ്രാധാന്യം നൽകുക
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിക്കുന്നതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- പ്രായോഗിക പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീഷം സൃഷ്ടിക്കൽ.
- വിദ്യാലയത്തിലെ സാങ്കേതിക സൌകര്യങ്ങൾ പൊതുജനങ്ങൾക്ക് ഉപകരിക്കുന്ന വിധത്തിൽ പങ്കിടൽ.
- ജനപ്രതിനിധികൾ, പൊതുജനങ്ങൾ, പൂർവ്വവിദ്യാർഥികൾ, സമൂഹ്യസേവകർ, ശാസ്ത്ര-സാങ്കേതിക വിദഗ്ദർ, സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തൽ.

## 4.1 ഭൌതികം:

- ചുറ്റുമതിൽ, ഗേറ്റ് നവീകരണം
- കളിസ്ഥലം നവീകരിക്കൽ
- ക്ലാസ്സ് മുറികൾ ഡിജിറ്റൈസ് ചെയ്യൽ
- കമ്പ്യൂട്ടർ ലാബ് നവീകരണം, ശാക്തീരണം
- വർക്ക് ഷോപ്പ്, ലാബ് ശാക്തീകരണം
- മൾട്ടിമീഡിയറൂം/സെമിനാർ ഹാൾ ഒരുക്കൽ
- ലൈബ്രറി ശാക്തീരണം
- കുടിവെള്ളം ഉറപ്പാക്കൽ
- മാലിന്യ നിർമ്മാർജ്ജനം
- ഡൈനിംഗ് ഹാൾ നവീകരണം
- അടുക്കള കൃഷിത്തോട്ടം ഒരുക്കൽ.

## 4.2 അക്കാഡമികം:

- ഭാക്ഷാശേഷി വികസനം
- സാങ്കേതിക പരിജ്ഞാന പോഷണം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനപോഷണം
- ശാസ്ത്ര പരിജ്ഞാന പോഷണം
- വായനാ പരിപോഷണം
- സാഹിത്യ പോഷണ പരിപാടികൾ
- പഠനയാത്രകൾ
- സെമിനാറുകൾ
- അഭിമുഖങ്ങൾ

- കലാ-കായിക മേളകൾ
- ശാസ്ത്രമേള
- ഐ.ടി.പരിശീലനം
- കായിക പഠനം
- മെഡിക്കൽ ക്യാമ്പ്
- ജെ.ആർ.സി, സ്കൌട്ട്, എസ്.പി.സി എന്നിവ രൂപീകരിക്കൽ

## 4.3 സാമൂഹികം:

- പി.ടി.എ ശക്തിപ്പെടുത്തൽ
- എസ്.എം.ഡി.സി കാര്യക്ഷമമാക്കൽ
- പൂർവ്വവിദ്യാർഥി സംഘടനയുടെ പ്രവർത്തനം
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ., സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാദ്ധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ.
- പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ പരിശീലനം നൽകൽ.
- ഭവന സന്ദർശനം.

### 4.1.1 സ്ഥലം, കെട്ടിടം

1959 - ൽ ഏറ്റെടുത്ത ഏകദേശം 12 ഏക്കർ ഭൂമിയിലാണ് ടെക്നിക്കൽ ഹൈസ്ക്കൂൾ പ്രവർത്തിക്കുന്നത്. ഇതിൽ 6 ഏക്കറോളം പോളിടെക്നിക് കോളേജിനുവേണ്ടി വിട്ടുനൽകിയിട്ടുണ്ട്. കൂടാതെ വി.എച്ച്.എസ്സ്.സി. യും ഇതേ കാമ്പസിൽ വർക്ക് ചെയ്യുന്നുണ്ട്.

**നേട്ടങ്ങൾ:**

- 1959-ൽ കേരള നിയമസഭയുടെ പ്രഥമ മുഖ്യമന്ത്രി ബഹുമാന്യനായ ശ്രീമാൻ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ശിലാസ്ഥാപനം നടത്തി പണികഴിപ്പിച്ച വർക്ക്ഷോപ്പ് ഉൾപ്പെടെയുള്ള നാലുകെട്ടിന്റെ മാതൃകയിലുള്ള മന്ദിരം. വർക്ക്ഷോപ്പ് ഉൾപ്പെടെയുള്ള ലാബുകൾ ഇവിടെ പ്രവർത്തിക്കുന്നു.
- 2022 ൽ പൂർത്തീകരിച്ച **2459** ച. മീറ്റർ വലുപ്പമുള്ള പുതിയ അക്കാദമിക് ബ്ലോക്ക്. 7 ക്ലാസ് മുറികൾ, ഓഫീസ്, ഡ്രായിംഗ് ഹാൾ, ഐ.ടി.ലാബ് എന്നിവ ഉൾപ്പെടെ ഈ മന്ദിരത്തിൽ പ്രവർത്തിക്കുന്നു.
- ഇലക്ട്രോപ്ലേറ്റിംഗ് ലാബിനുവേണ്ടിയുള്ള മന്ദിരം
- നൂൺ മീൽ ഷെഡ്
- 2016 - ൽ പണി പൂർത്തിയായ 300 പേർക്കിരിക്കാവുന്ന ആഡിറ്റോറിയം

**പരിമിതികൾ:**

- വർക്ക്ഷോപ്പ് മന്ദിരത്തിന്റെ ഷട്ടറുകൾ, വാതിലുകൾ, ജനാലകൾ, ഗ്രില്ലുകൾ എന്നിവയെല്ലാം കാലപ്പഴക്കം കാരണം കേടായ അവസ്ഥയിലാണ്.
- ഇലക്ട്രിക്കൽ വയറിംഗ് കാലോചിതമായി പുതുക്കേണ്ടതുണ്ട്.
- നൂൺ-മീൽ ഷെഡിൽ പരിമിതമായ സൌകര്യങ്ങളേ ഉള്ളൂ.

**പ്രവർത്തനങ്ങൾ:**

**പഴയ മന്ദിരങ്ങളുടെ അറ്റകുറ്റപണികൾ:**

- ഫാൾസ് സീലിംഗ്, ഷട്ടറുകൾ, ജനാലകൾ എന്നിവയുടെ അറ്റകുറ്റപണികൾ തുടങ്ങിയവക്കായി പൊതുമരാമത്ത് വിഭാഗത്തിൽ നിന്നും 38 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വാങ്ങിയിട്ടുണ്ട്. അനുമതിക്കായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയത്തിലേക്ക് അയച്ച് സമയബന്ധിതമായി പണി പൂർത്തിയാക്കേണ്ടതുണ്ട്.
- സയൻസ് ലാബ്, ഡ്രായിംഗ് ഹാൾ എന്നിവ ടൈൽ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വിഭാഗത്തിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ലഭിക്കുന്ന മുറക്ക് അനുമതിക്കായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയത്തിലേക്ക് അയച്ച് സമയബന്ധിതമായി പണി പൂർത്തിയാക്കേണ്ടതുണ്ട്.

### 4.1.2 കളിസ്ഥലംചുറ്റുമതിൽ , എന്നിവയുടെ നവീകരണം

മുൻ പ്രധാനമന്ത്രി ശ്രീമതി. ഇന്ദിരാഗാന്ധി അവർകളുടെ സന്ദർശനത്തിനായി ഹെലിപ്പാഡ് നിർമ്മിച്ച സ്ഥലമാണ് സ്കൂൾ മൈതാനമായി ഉപയോഗിക്കുന്നത്.

**നേട്ടങ്ങൾ:**

- നെടുമങ്ങാട് പ്രദേശത്തെ ഒരേ ഒരു വിശാലമായ കളിസ്ഥലം..
- ക്യാമ്പസിന്റെ എല്ലാഭാഗത്തും ചുറ്റുമതിൽ.

- **സ്ട്രെങ്ങ്തനിംഗ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ** എന്ന സ്കീമിലൂടെ **7,44,180/-** രൂപയുടെ ഉപകരണങ്ങൾ വാങ്ങി ഒരു ഹെൽത്ത് ലാബ് തന്നെ തയ്യാറാക്കിയിട്ടുണ്ട്.

**പരിമിതികൾ:**

- ചുറ്റുമതിൽ കാലപ്പഴക്കം കാരണം പലഭാഗവും പൊളിഞ്ഞുപോയിരിക്കുന്നു.
- മെയിൻ ഗേറ്റ് തകരാറിലാണ്.
- മൈതാനത്തു.കൂടി വാഹനങ്ങൾ ഓടിക്കുന്നത് നിയന്ത്രിക്കുവാൻ സംവിധാനം ഇല്ല.

**പ്രവർത്തനങ്ങൾ:**

- ചുറ്റുമതിലിന്റെ തകരാർ പരിഹരിക്കുന്നതിനായി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- കളിസ്ഥലതിന്റെ സമഗ്രവികസനത്തിന് വേണ്ടി വിശദമായ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. തുടർനടപടികൾ പുരോഗമിക്കുന്നു.
- ഹെൽത്ത് ക്ലബ്, കായിക അഭിരുചി വളർത്തൽ എന്നിവയ്ക്കായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുവേണ്ടി സ്ട്രെങ്ങ്തനിംഗ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ എന്ന സ്കീമിലൂടെ ലഭിച്ച ഉപകരണങ്ങൾ പൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള സംവിധാനം ചെയ്യേണ്ടതുണ്ട്.

### 4.1.3 കുടിവെള്ളം, സാനിറ്റേഷൻ

വിദ്യാലയത്തിൽ വാട്ടർ അതോറിറ്റി വക കുടിവെള്ളവും, കിണർ വെള്ളവും ലഭ്യമാണ്. പൊതുവേ ജലക്ഷാമം അനുഭവപ്പെടാറില്ല.

**നേട്ടങ്ങൾ:**

- 6000 ലിറ്റർ കപ്പാസിറ്റിയുള്ള മെയിൻ ടാങ്ക്.
- 500 ലിറ്റർ കപ്പാസിറ്റിയുള്ള രണ്ട് ടാങ്കുകൾ. നൂൺ-മീൽ പ്രോഗ്രാമ്മിന് പ്രത്യേക ടാങ്ക് എന്നിവ നിലവിലുണ്ട്..
- കുടിവെള്ളത്തിനായി ഒരു ഫിൽറ്റർ.

**പരിമിതികൾ:**

- മെയിൻ ടാങ്ക്, ഉറപ്പിച്ചിരിക്കുന്ന കോൺക്രീറ്റ് ടവർ കാലപ്പഴക്കം കാരണം അപകടാവസ്ഥയിലാണ്.
- കുടിവെള്ളം വർക്ക്ഷോപ്പ് ഭാഗത്ത് ലഭ്യമല്ല.

**പ്രവർത്തനങ്ങൾ:**

- പൂർവ്വ വിദ്യാർഥികളുടെ സഹായത്തോടെ മെയിൻ ടാങ്ക് മാറ്റി പുതിയ ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്.
- കുടിവെള്ളം ഉറപ്പാക്കുന്നതിനായി കൂടുതൽ വാട്ടർ ഫിൽട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- പുതിയ അക്കാഡമിക് ബ്ലോക്കിൽ പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും വെവ്വേറെ റസ്റ്റ് റൂമുകൾ തയ്യാറാക്കിയിട്ടുണ്ട്.

### 4.1.4 ലൈബ്രറി ,ഓഫീസ് എന്നിവയുടെ ആധുനികവൽക്കരണം

2500 പുസ്തകങ്ങൾ ഉള്ള ഒരു ലൈബ്രറിയും, കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ഓഫീസ് സംവിധാനവും നിലവിലുണ്ട്

**നേട്ടങ്ങൾ:**

- 13 കാര്യാലയ ജീവനക്കാർ ഉള്ള ശക്തമായ ഓഫീസ് സംവിധാനം.
- 2500 പുസ്തകങ്ങൾ ഉള്ള ലൈബ്രറി.
- ഒ.എഫ്.സി കണക്ഷൻ ഉള്ള ഇന്റർനെറ്റ് സംവിധാനം.

**പരിമിതികൾ:**

- ഓഫീസിലെ സൗകര്യങ്ങൾ കുറവ് ആണ്. ഫയലുകൾ, രെജിസ്ടറുകൾ, മറ്റ് രേഖകൾ എന്നിവ സൂക്ഷിക്കുന്നതിനായി ഫർണിച്ചറുകൾ നിലവിലില്ല.
- കുട്ടികളുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും, വായനാശീലം വളർത്തുന്നതിനും വേണ്ടി അവരെ ലൈബ്രറിയിലേക്ക് ആകർഷിക്കുന്നതിനായുള്ള സംവിധാനം നിലവിലില്ല.

**പ്രവർത്തനങ്ങൾ:**

- ലൈബ്രറിക്കുവേണ്ടി പുതിയ ബുക്കുകൾ, ഇ-ലൈബ്രറിക്കായി കംപ്യൂട്ടറുകൾ, വായനാമേശ, ബുക്ക്ഷെൽഫുകൾ, ലൈബ്രറി ഫർണിഷിംഗ് എന്നിവക്കുള്ള പ്രൊപോസൽ സ്ട്രെങ്ങ്തനിംഗ് ഓഫ് ലൈബ്രറി എന്ന സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.
- ഓഫീസിനെ ഇ-ഓഫീസ് സംവിധാനതിനുതകുന്ന രീതിയിൽ ആധുനികവൽക്കരിക്കുന്നതിനായി ആവശ്യമായ കമ്പ്യൂട്ടറുകൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനുള്ള പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട്.

### 4.1.5 കമ്പ്യൂട്ടർ ലാബ് ആധുനികവൽക്കരണം

മികച്ച ഒരു ഐ.ടി.ലാബ് സ്കൂളിൽ നിലവിലുണ്ട്. 26 കുട്ടികൾക്ക് ഒരേസമയം ഉപയോഗിക്കാവുന്ന കാബിൻ ഉൾപ്പെടെയുള്ള സംവിധാനം ഉണ്ട്.

**നേട്ടങ്ങൾ:**

- 30 ഡസ്ക്ടോപ്പുകൾ
- 10kVA പവർബാക്ക്അപ്പ് സംവിധാനം.
- ഒ.എഫ്.സി കണക്ഷൻ ഉള്ള ഇന്റർനെറ്റ് സംവിധാനം.

**പരിമിതികൾ:**

- AUTOCAD പഠിപ്പിക്കുന്നതിനായി Windows operating system ഉൾപ്പെടുന്ന കമ്പ്യൂട്ടർകളുടെ കുറവ് ഉണ്ട്.
- ഐ.ടി. ലാബ് ശീതീകരിച്ചിട്ടില്ല, ഇത് കമ്പ്യൂട്ടറുകൾ പെട്ടെന്ന് തകരാറിലാകുന്നതിന് കാരണമാകുന്നു.

**പ്രവർത്തനങ്ങൾ:**

- ഐ.ടി. ലാബിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

# അക്കാഡമികം വർക്ക്ഷോപ്പുകൾ, ലാബുകൾ

## 4.2.1 ആമുഖം : വർക്ക്ഷോപ്പുകൾ, ലാബുകൾ

സാങ്കേതിക വിദ്യയുടെ അടിസ്ഥാന പരിശീലനം നൽകി മികച്ച സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 1961 ൽ ആരംഭിച്ച ടെക്നിക്കൽ ഹൈസ്കൂൾ എന്ന വിദ്യാലയത്തിൽ നിന്നും ലഭിക്കുന്ന ടി.എച്ച്.എസ്സ്.എൽ.സി സർട്ടിഫിക്കറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ കെ.എസ്സ്.ആർ.ടി.സി, കെ.എസ്സ്.ഇ.ബി, തദ്ദേശ സ്വയംഭരണം, വാട്ടർ അതോറിട്ടി, പൊതുമരാമത്ത്, സാങ്കേതിക വിദ്യാഭ്യാസം, ഇലക്ട്രിക്കൽ ഇൻസ്പെക്ടരേറ്റ്, തുടങ്ങിയ സമസ്ത മേഖലയിലും തൊഴിൽ ലഭ്യത ഉറപ്പാക്കുന്ന വിദ്യാഭ്യാസം

**ജനറൽ വിഭാഗം ട്രേഡുകൾ**

- ഇലക്ട്രിക്കൽ
- വെൽഡിംഗ്
- കാർപെന്ററി
- ഷീറ്റ് മെറ്റൽ
- ഫിറ്റിംഗ്

**സ്പെഷ്യൽ ട്രേഡുകൾ**

- ഫിറ്റിംഗ്
- വെൽഡിംഗ്
- ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലൈൻസസ്
- മെയിന്റനൻസ് ഓഫ് ടു ആൻഡ് ത്രീ വീലർ
- ഇലക്രോപ്ലേറ്റിംഗ്
- ടേർണിംഗ് (മെഷീൻ ഷോപ്പ് )

ജനറൽ വിഭാഗം ട്രേഡുകൾ 8 –ാം ക്ലാസ്സിലെ കുട്ടികൾക്ക് റൊട്ടേഷേൻ അടിസ്ഥാനത്തിൽ അടിസ്ഥാന പ്രയോഗിക പരിശീലനം നൽകുന്നു

സ്പെഷ്യൽ ട്രേഡുകളിൽ എട്ടാംക്ലാസ് വാർഷിക പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലും അവരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിലും പ്രവേശനം നൽകുന്നു

**നിലവിലെ അവസ്ഥാ വിശകലനം**

**നേട്ടങ്ങൾ**

- 12 ലാബുകളിലും വിലപിടിപ്പുള്ളതും കാര്യക്ഷമവുമായി പ്രവർത്തിക്കു ന്നതുമായ ഉപകരണങ്ങളുടെ ലഭ്യത
- പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സാന്നിധ്യം.

**പ്രവർത്തനങ്ങൾ**

- ലാബ് നവീകരിക്കൽ വിവിധ ഉപകരണങ്ങൾ, മെഷിനറികൾ എന്നിങ്ങനെ തരംതിരിച്ചു ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ
- സ്കൂൾ തല ശാസ്ത്രമേളകളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ
- പഠന യാത്രകൾ, വ്യവസായശാലകൾ സന്ദർശിക്കൽ, സെമിനാറുകൾ പ്രവർത്തി പരിചയപഠനം, ശാസ്ത്രാഭിരുചി വളർത്തൽ എന്നിവ യഥാസമയം നടത്തി പ്രോത്സാഹിപ്പിക്കൽ

- വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കുന്നതിനു പൂർവ്വ അധ്യാപക വിദ്യർത്ഥി സംഗമം സംഘടിപ്പിക്കൽ
- ലബോറട്ടറികളുടെ ആധുനികവത്ക്കരണം
- ലബോറട്ടറി ഉപകരണങ്ങൾ, മെഷിനറികൾ, പ്രായോഗിക പ്രരിശീലനം എന്നിവയുടെ ഡമോൺസ്ട്രേഷൻ വീഡിയോ ക്ളിപ്പിംങ്ങിലൂടെ കുട്ടികൾക്ക് പരിചയപ്പെടുത്തൽ

### 4.2.2 വെൽഡിംഗ്

**ലക്ഷ്യം**

- വെൽഡിംഗ് സെക്ഷനിൽ പ്രായോഗിക പരിശീലനവും തീയറി ക്ലാസ്സുകളും നൽകുന്നുണ്ട്
- വെൽഡിംഗ് ടെക്നോളജിയിൽ വിദഗ്ധരാകാൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നു
- ഏത് സാഹചര്യത്തിലും വെൽഡിംഗ് ജോലികൾ കൈകാര്യം ചെയ്യാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു

**പ്രബലത**

- അടിസ്ഥാന വെൽഡിംഗ് മെഷീനുകളും ആക്സസറികളും, വർക്ക്ഷോപ്പിൽ ലഭ്യമാണ്
- സുരക്ഷാ വസ്ത്രങ്ങൾ, അടിസ്ഥാന സുരക്ഷാ സംവിധാനം എന്നിവ ഉള്ളതിനാൽ വിദ്യാർത്ഥികൾക്ക് ഭയം കൂടാതെ വെൽഡിങ്ങ് പരിശീലനം നടത്താം
- വെൽഡിംഗ് വർക്ക്ഷോപ്പിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ എന്നീ സ്റ്റാഫ് അംഗങ്ങൾ ഉള്ളതിനാൽ പ്രായോഗിക പരിശീലന സമയത്ത് ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത ശ്രദ്ധ കൊടുക്കാൻ കഴിയും
- ഓരോ വിദ്യാർത്ഥിക്കും വെൽഡിംഗ് പ്രവർത്തനത്തെക്കുറിച്ചുള്ള അറിവ് ദൈനംദിന ജീവിതത്തിൽ വളരെ ഉപയോഗപ്രദവും ആയിരിക്കും

**ദൌർബല്യങ്ങൾ**

- വെൽഡിംഗ് റോഡ് കത്തുന്പോൾ ഉണ്ടാകുന്ന ദുഷിച്ച പുക പുറത്തു പോകുന്നതിനുള്ള വായൂ സഞ്ചാര മാർഗം കുറവാണ്
- ചില വിദ്യാർത്ഥികൾക്ക് വെൽഡിംഗ് പരിശീലനത്തിൽ ഏർപ്പെടുവാനുള്ള ഭയം ഉള്ളതായി കാണപ്പെടുന്നു
- ലാബിൽ ആധുനികവത്കരണത്തിന്റെ അഭാവം

**പുതിയ ലക്ഷ്യങ്ങൾ**

- നൂതന വെൽഡിംഗ് തന്ത്രങ്ങളിൽ സുരക്ഷിതമായ പ്രായോഗിക പരിശീലന നടത്തുക.
- സമൂഹത്തിന് ഉപകാരപ്പെടുന്ന വെൽഡിംഗ് പ്രൊജക്റ്റ്കൾ നിർമ്മിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ

**വെല്ലുവിളികൾ**

- നേടാനുള്ള പുതിയ ലക്ഷ്യങ്ങൾക്ക് സ്ഥലവും സമയവും പരിമിതമാണ്
- നൂതന വെൽഡിങ്ങ് ടെക്നിക്കുകൾ സെക്കന്ററി സ്കൂൾതല വിദ്യാർത്ഥികൾക്ക് ചെയ്യാൻ പ്രപ്തിയുണ്ടാകുമോ എന്ന്
- പ്രാക്ടിക്കൽ ലാബിലെ അധ്യാപകർക്ക്, നൂതന വെൽഡിങ്ങ് ടെക്നിക്കുകളിൽ പരിശീലനങ്ങൾ ലഭിക്കുന്നില്ല

## 4.2.3 ടേർണിംഗ് (മെഷീൻ ഷോപ്പ്)

**ലക്ഷ്യം**

- ലേത്ത് മെഷീൻ മേഖലയിൽ അടിസ്ഥാന അറിവ് നൽകാൻ
- ലേത്ത് മെഷീൻ കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ദ്ധ്യമുള്ളവരാക്കാൻ
- മെഷീൻ പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിന് അനുയോജ്യമായ രീതിയിൽ വിദ്യാർത്ഥികളെ പ്രപ്തരാക്കാൻ
- മെഷീൻ കൈകാര്യം ചെയ്യുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകുന്നതിന്
- ഭാവിയിലും മെഷീനുകൾ കൈകാര്യം ചെയ്യുന്നതിന് വിദ്യാർത്ഥികളെ പ്രപ്തരാക്കാൻ

**പ്രബലത**

- ലഭ്യമായ സൗകര്യങ്ങളോടെ മെച്ചപ്പെട്ട പ്രായോഗിക പരിശീലനം നൽകുന്നു
- മെഷീനുകൾ കൈകാര്യം ചെയ്യുന്നതിന് വിദ്യാർത്ഥികളെ ആത്മവിശ്വാസ മുള്ളവരാക്കുന്നു
- കൃത്യമായ രീതിയിൽ യന്ത്രങ്ങളെ കൈകാര്യം ചെയ്യാൻ അവരെ പരിശീലിപ്പിക്കുന്നു

**ദൌർബല്യങ്ങൾ**

- പ്രായോഗിക പരിശീലനം നടത്തുന്നത്തിനു ആവശ്യമായ സ്ഥലസൗകര്യം കുറവാണ്
- പ്രായോഗിക പരിശീലനം നടത്തുന്നത്തിനു ആവശ്യമായ മെഷീനുകളുടെ അപര്യാപ്തത
- പ്രായോഗിക പരിശീലനത്തിനു നൂതന യന്ത്രങ്ങളുടെ കുറവ്
- ചില വിദ്യാർത്ഥികൾക്ക് മെഷീൻ കൈകാര്യം ചെയ്യാനുള്ള ആത്മവിശ്വാസം ഇല്ല
- ലാബിൽ ആധുനികവത്കരണത്തിന്റെ അഭാവം.

**പുതിയ ലക്ഷ്യങ്ങൾ**

- മെഷീനുകൾ കൈകാര്യം ചെയ്യുന്നതിൽ വിദഗ്ദ്ധ പരിശീലനം നൽകുക
- നൂതന യന്ത്രങ്ങളിൽ സുരക്ഷിതമായ പരിശീലനം നൽകാൻ
- മെഷീനുകളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രായോഗിക പരിശീലന സമയം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ
- പ്രായോഗിക പരിശീലനം നടത്തുന്നത്തിനു ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കുന്നു
- ബന്ധപ്പെട്ട മേഖലയിൽ വികസിപ്പിച്ച പുത്തൻ സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിന്

**വെല്ലുവിളികൾ**

- ലഭ്യമായ സമയ പരിധിക്കുള്ളിൽ, ലക്ഷ്യങ്ങൾ നേടാനാകുമോ ഇല്ലയോ എന്ന്
- നൂതന മെഷീനുകൾ ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകും
- മുഴുവൻ പ്രായോഗിക പരിശീലന സമയവും ഉപയോഗിക്കുന്നതിന് സ്റ്റാഫ് അംഗങ്ങളുടെ കുറവ്
- ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കാൻ താൽകാലികമായി കഴിയില്ല

## 4.2.4 ഇലക്രോപ്ലേറ്റിംഗ്

**ലക്ഷ്യം**

മൈക്കൽ ഫാരഡെ യുടെ വൈദ്യുത വിശ്ലേഷണ നിയമത്തെ അടിസ്ഥാനമാക്കിയുള്ള 'ഇലക്രോപ്ലേറ്റിംഗ്' എന്ന ശാസ്ത്ര സാങ്കേതിക ശാഖ, ഇന്ന് നിത്യജീവിതത്തിലും ആധുനിക വ്യവസായ രംഗത്തും സുപ്രധാന പങ്ക് വഹിക്കുന്നു. അലങ്കാര വസ്തുക്കളുടെ ആകർഷണീയതക്കും, നിത്യോപയോഗ സാധനങ്ങളുടെ പ്രതല സംരക്ഷണത്തിനും തുടങ്ങി അത്യാധുനിക സ്പേസ് ടെക്നോളജി മേഖലയിലെ യന്ത്രോപകരണ ഭാഗങ്ങളിലും ഇന്ന് ഒഴിച്ചുകൂടാ നാവാത്തതാണ് ഇലക്രോപ്ലേറ്റിംഗ്.

ഈ ശാസ്ത്ര സാങ്കേതിക മേഖലയിൽ അടിസ്ഥാന പരിജ്ഞാനവും തൊഴിൽ വൈദഗ്ദ്ധ്യവും വിദ്യാർത്ഥികൾക്ക് നൽകുക എന്നതാണ് ഇലക്രോപ്ലേറ്റിംഗ് ട്രേഡിന്റെ പ്രധാന ലക്ഷ്യം. ഒൻപത്, പത്ത് ക്ലാസ്സുകളിലായി ഇലക്രോപ്ലേറ്റിംഗ് ട്രേഡിന്റെ അടിസ്ഥാന പ്രവർത്തനങ്ങളും അനുബന്ധ സിദ്ധാന്തങ്ങളും വിദ്യാർത്ഥികൾക്ക് വിശദമായി മനസ്സിലാക്കാൻ സാധിക്കുന്നു.

**പ്രബലത**

- ലഭ്യമായ സൗകര്യങ്ങളിൽ മെച്ചപ്പെട്ട പ്രായോഗിക പരിശീലനം നൽകുന്നു
- സുരക്ഷാ വസ്ത്രങ്ങൾ, അടിസ്ഥാന സുരക്ഷാ സംവിധാനം എന്നിവ ഉള്ളതിനാൽ വിദ്യാർത്ഥികൾക്ക് ഭയം കൂടാതെ പ്ലേറ്റിംഗ് പരിശീലനം നടത്താം
- കാര്യകാരണങ്ങൾ സ്വയം കണ്ടെത്തുവാനുള്ള വിദ്യാർഥിയുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നു

**ദൌർബല്യങ്ങൾ**

- ഒരു സമയത്ത് 20 വിദ്യാർത്ഥികൾ പരിശീലനത്തിന് വരുന്നതിനാൽ അവർക്ക് വേണ്ട അലമാര, വർക്ക് ബെഞ്ച്, ബെഞ്ച് വൈസ് എന്നിവയുടെ കുറവ്
- ലാബിൽ ആധുനികവത്കരണത്തിന്റെ അഭാവം
- മുഴുവൻ പ്രായോഗിക പരിശീലന സമയവും ഉപയോഗിക്കുന്നതിന് സ്റ്റാഫ് അംഗങ്ങളുടെ കുറവ്
- പുതിയ സാങ്കേതിക സംവിധാനങ്ങൾ ഒന്നും സിലബസിൽ ഉൾപെടുത്തുന്നില്ല

**പുതിയ ലക്ഷ്യങ്ങൾ**

- ആധുനിക വ്യവസായ മേഖലയിൽ ട്രേഡിന്റെ പ്രാധാന്യം മനസിലാക്കി വിവിധ പ്ലേറ്റിഗ് രീതികളിൽ പ്രായോഗിക പരിജ്ഞാനവും നേടേണ്ടതുണ്ട്
- ഒരു ഇളക്ട്രോപ്ലടിംഗ് പ്ലാന്റ് പ്രവര്തിപ്പിക്കനവശ്യമായ് പരിജ്ഞാനവും പ്ലെടിംഗ് രംഗത്തെ ആധുനിക പ്രവണതകളെ ക്കുറിച്ചുള്ള അറിവും ഈ പദ്യ പദ്ധതി കൊണ്ട് കൈവരിക്കണം
- നൂതന സാങ്കേതിക വിദ്യകൾ പരിശീലനം നടപ്പിലാക്കൽ

**വെല്ലുവിളികൾ**

- മുഴുവൻ പ്രായോഗിക പരിശീലന സമയവും ഉപയോഗിക്കുന്നതിന് സ്റ്റാഫ് അംഗങ്ങളുടെ കുറവ്
- ലഭ്യമായ സമയ പരിധിക്കുള്ളിൽ, ലക്ഷ്യങ്ങൾ നേടാനാകുമോ ഇല്ലയോ എന്ന്

### 4.2.5 ഓട്ടോമൊബൈൽ

**ലക്ഷ്യം**

ശാസ്ത്ര സാങ്കേതിക മേഖലയിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് കൊണ്ട് നിത്യജീവിതത്തിൽ നമുക്ക് ഏറെ ഉപകരിക്കുന്ന മോട്ടോർ വാഹനങ്ങളുടെയും അവയുടെ പ്രവർത്തനങ്ങളെയും കുറിച്ച് വിദ്യാർഥികളിൽ അവബോധം സൃഷ്ടിക്കുകയും പ്രായോഗിക ജീവിതത്തിൽ അതിന്റെ സ്വാധീനം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും വാഹനങ്ങളുടെ സർവീസിങ്ങും മെയിന്റനൻസും കാര്യക്ഷമമായി നടത്തുന്നതിനും പ്രപ്തരാക്കുകയും ചെയ്യുക

**പ്രബലത**

- ലഭ്യമായ സൗകര്യങ്ങളോടെ മെച്ചപ്പെട്ട പ്രായോഗിക പരിശീലനം നൽകുന്നു
- കാര്യകാരണങ്ങൾ സ്വയം കണ്ടെത്തുവാനുള്ള വിദ്യാർഥിയുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നു
- നിത്യജീവിതത്തിൽ പാഠ്യവിഷയം ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുന്നു
- കൃത്യമായ രീതിയിൽ ടൂൾസുകളും യന്ത്രങ്ങളും കൈകാര്യം ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുന്നു

**ദൌർബല്യങ്ങൾ**

- പ്രായോഗിക പരിശീലനം നടത്തുന്നത്തിനു ആവശ്യമായ സ്ഥലസൗകര്യം ഇല്ല
- പ്രായോഗിക പരിശീലനം നടത്തുന്നത്തിനു വേണ്ട വാഹനങ്ങളുടെയും മറ്റ് ഉപകരണങ്ങളുടെയും കുറവ്
- പുതിയ സാങ്കേതിക സംവിധാനങ്ങൾ ഒന്നും സിലബസിൽ ഉൾപെടുത്തുന്നില്ല

**പുതിയ ലക്ഷ്യങ്ങൾ**

- വാഹനങ്ങളുടെയും എഞ്ചിൻ മുതലായ യന്ത്രസാമഗ്രികളുടെയും എണ്ണം വർദ്ധിപ്പിച്ച് പരിശീലനത്തിന്റെ പൂർണ്ണ സമയവും പ്രയോജനപ്പെടുത്തുക
- പ്രായോഗിക പരിശീലനം നടത്തുന്നത്തിനു ആവശ്യമായ സ്ഥലസൗകര്യം വർദ്ധിപ്പിക്കുക
- ബന്ധപ്പെട്ട മേഖലയിൽ വികസിപ്പിച്ച പുത്തൻ സാങ്കേതിക വിദ്യകൾ പഠിതാക്കൾക്ക് മനസിലാക്കുന്നതിന് അറിവിന്റെ പുതിയ മേഖലകൾ തേടിപ്പിടിക്കുന്നതിനുള്ള വ്യഗ്രത ഉണ്ടാക്കുക
- നൂതന വാഹനങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ച് അറിയാൻ വിപുലമായ പരിശീലന പരിപാടികൾ നടപ്പിലാക്കണം

**വെല്ലുവിളികൾ**

- പ്രായോഗിക പരിശീലനം നടത്തുന്നത്തിനു പഴയ വാഹനങ്ങൾ ലഭ്യമാക്കാൻകാലതാമസം ഉണ്ടാകും

## 4.2.6 ഇലക്ട്രിക്കൽ വയറിംഗ് & മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലൈൻസസ്

**ലക്ഷ്യം**

- ഇലക്ട്രിക്കൽ സെക്ഷനിൽ പ്രായോഗിക പരിശീലനവും അതിന്റെ തിയറിയും നൽകുന്നുണ്ട്
- ഇലക്ട്രിക്കൽ മെയിന്റനൻസിലും, ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനുമുള്ള പരിശീലനം നൽകുന്നു
- നിത്യജീവിതത്തിൽ ഇലക്ട്രിസിറ്റി യുമായി ബന്ധപ്പെട്ട സാഹചര്യങ്ങളെ വ്യക്തമായ കാഴ്ചപ്പാടോടെ മനസിലാക്കി കൈകാര്യം ചെയ്യാൻ തക്ക പ്രാപ്തി കുട്ടികൾക്ക് കൈവരുന്നു.
- സ്വതന്ത്രമായ തൊഴിൽ പ്രാപ്തി കൈവരുന്നതിനോടൊപ്പം സാങ്കേതിക ഉന്നത വിദ്യാഭ്യാസത്തിനുള്ള വഴിയും തുറന്നുകൊടുക്കുന്നു

**പ്രബലത**

- ഇലക്ട്രിക്കൽ വർക്ക്ഷോപ്പിൽ ആവശ്യമായ ഉപകരണങ്ങളും ഇൻസ്ട്രുമെൻസും ലഭ്യമാണ്.
- ഇലക്ട്രിസിറ്റി ഉപയോഗിച്ചുള്ള ഹൌസ് വയറിംഗുകൾ അവയുടെ estimation, കണക്കുകൂട്ടുന്ന രീതി എന്നിവ മനസിലാക്കി കൊടുക്കുകയും ചെയ്യുന്നു.
- ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ട വിവിധതരം മീറ്ററുകൾ കൈകാര്യം ചെയ്യാനും, ലോഡ്, കറണ്ടിന്റെ ഉപയോഗം എന്നിവ അളന്നു മനസ്സിലാക്കുവാനും കഴിയുന്നു.
- ഇലക്ട്രിസിറ്റി കൈകാര്യം ചെയ്യുന്നതിനുള്ള പ്രായോഗിക പരിശീലനവും കഴിവും ഏതൊരു വിദ്യാർഥിയും ആർജിക്കുന്നു.

**ദൌർബല്യങ്ങൾ** .

- ഇൻസ്ട്രുമെൻസും, ടൂൾസും സൂക്ഷിക്കുന്നതിന് വേണ്ട അലമാരകളുടെ ലഭ്യത കുറവ്

**പുതിയ ലക്ഷ്യങ്ങൾ**

- ഇലക്ട്രിക്കൽ വയറിംഗിലും മെയിന്റനൻസിലും പുതിയ രീതികൾ പരിശീലിപ്പിക്കുക.
- കാലഘട്ടത്തിന് അനുസരിച്ചുള്ള ആധുനിക വയറിംഗ് ഉപകരണങ്ങളും സാമഗ്രികളും കുട്ടികളെ പരിശീലിപ്പിക്കുക
- സ്കൂൾ തലത്തിൽതന്നെ കുട്ടികൾക്ക് വർക്ക് ചെയ്യുന്നതിനുള്ള കഴിവുണ്ടാക്കുക
- വയറിംഗ് ബോർഡുകളിൽ മാത്രമായി വയറിംഗ് പരിശീലിക്കാതെ പ്രായോഗികമായിത്തന്നെ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുക

## 4.2.7 ഫിറ്റിംഗ്

ലക്ഷ്യങ്ങൾ

- ട്രേഡിൽ കുട്ടികൾക്ക് പ്രായോഗിക പരിശീലനം നൽകുക.
- സ്വന്തമായി തന്നെ ഈ ട്രേഡിൽ പ്രവർത്തി ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുക.
- സുരക്ഷിതമായി പ്രവർത്തിക്കുന്നതിനുള്ള ബാലപാഠങ്ങൾ പറഞ്ഞു കൊടുക്കുക.

- കൃത്യതയോടെ പ്രവർത്തികൾ പൂർത്തിയാക്കാൻ വേണ്ട
- കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുക.
- ട്രേഡിൽ കുട്ടികൾക്ക് അടിസ്ഥാന അറിവ് നൽകുന്നു അതോടൊപ്പം പ്രായോഗിക പരിജ്ഞാനവും നേടാനുള്ള അവസരവും നൽകുക.
- ലേർണിംഗ് റിസോഴ്സ് ബുക്ക് വഴി ട്രേഡിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ അറിയാൻ കുട്ടികളെ സജ്ജരാക്കുക.
- സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാൻ കുട്ടികൾക്ക് സാഹചര്യം ഒരുക്കുക.
- സാങ്കേതിക വിദ്യാഭ്യാസ മേഖലയിലേക്ക് ആവശ്യമായ ദിശാബോധം നൽകുക.
- കുട്ടികൾക്ക് സാങ്കേതിക മേഖലയിൽ പരിജ്ഞാനം നൽകുന്നതിനോടൊപ്പം വളർന്നുവരാൻ അവസരം നൽകുക.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുക.
- കുട്ടികൾക്ക് അപകടരഹിതമായ പരിശീലനം നൽകുക.
- മികച്ച പ്രായോഗിക പരിശീലനം നൽകാനുള്ള സാഹചര്യം.
- സ്വയംതൊഴിലിനായിയുള്ള നൈപുണ്യവികസനം.
- അച്ചടക്കത്തോടെയുള്ള പരിശീലനം.
- പരിശീലനസ്ഥലത്തിലെ സുരക്ഷ മുൻകരുതൽ സംബന്ധിച്ച അവബോധം നൽകുക.

ശക്തികൾ/പ്രബലതകൾ

- നിലവിലെ സൗകര്യങ്ങൾ വച്ച് മികച്ച പരിശീലനം നൽകുവാൻ സാധിക്കുന്നു.
- കുട്ടികൾ ട്രേഡിന്റെ അടിസ്ഥാന വിവരങ്ങൾ അറിയാൻ താല്പര്യം കാണിക്കുന്നു.
- പരിമിതമായ സ്ഥലസൗകര്യം വച്ച് കുട്ടികൾ പരിശീലനത്തിന് തയ്യാറാക്കുന്നു.
- സ്റ്റാഫ് അംഗങ്ങളുടെ ശ്രദ്ധ കുട്ടികൾക്ക് ലഭിക്കുന്നു.
- സാഹസിക പ്രവർത്തനങ്ങൾ കുറവാണ് അതിനാൽ തന്നെ അപകടസാധ്യത തുലോം കുറയുന്നു.
- അഗ്നി, യന്ത്രം മുതലായവയുടെ ഉപയോഗം ഈ ട്രേഡിൽ ഇപ്പോൾ വരുന്നില്ല
- പരിശീലനം സമയത്ത്, ശാരീരിക ക്ഷമത കുട്ടികൾക്ക് കിട്ടുന്നു.
- പരമ്പരാഗതമായ പണിയായുധങ്ങൾ ഉപയോഗിക്കാൻ കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നു.
- കട്ടിങ് പ്രക്രിയയിലും ഫയലിംഗ് പ്രക്രിയകളിലും കുട്ടികൾ നൈപുണ്യം നേടുന്നു.
- അളവ് ഉപകരണങ്ങൾ ഉപയോഗിക്കാൻ അവസരം ലഭിക്കുന്നു.
- സാങ്കേതിക അറിവ് നേടാൻ കുട്ടികൾ പ്രത്യേക താൽപര്യം കാണിക്കുന്നു.
- സാങ്കേതിക ജ്ഞാനം കഴിവതും വേഗത്തിൽ നേടുവാൻ കുട്ടികൾക്ക് സാധിക്കുന്നു.
- പ്രായോഗിക പരിശീലന മേഖലകളിലെ സുരക്ഷ സംബന്ധിച്ച പ്രാഥമിക അവബോധം കുട്ടികൾക്ക് ലഭിക്കുന്നു.
- ഭയം ഇല്ലാതെ പരിശീലനത്തിന് കുട്ടികൾ അത്യുത്സാഹത്തോടെ കടന്നു വരുന്നു.
- മെച്ചപ്പെട്ട പ്രായോഗിക പരിശീലനം നൽകാനുള്ള സാഹചര്യം ഉണ്ട്.

ദൗർബല്യങ്ങൾ

- ബഞ്ച് വൈസുകൾ കുറവ് പിടിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഇല്ല.
- കായിക അദ്ധ്വാനം കൂടുതൽ ആയി വേണം.
- പെൺകുട്ടികൾ കടന്നു വരാൻ മടിക്കുന്നു

- കാലോചിതമായ പരിഷ്കരണം വേണം
- പതിറ്റാണ്ടുകൾക്ക് മുമ്പ് ഉപയോഗിച്ചിരുന്ന രീതികൾ തന്നെ കുട്ടികൾക്ക് നൽകുന്നു
- മികവിന്റെ കേന്ദ്രങ്ങൾ ആയി മാറാൻ കഴിയുന്നില്ല.
- കഴിവുള്ള കുട്ടികളെ കിട്ടുന്നില്ല.
- അഭിരുചിക്ക് അനുസരിച്ച് കുട്ടികൾ വരുന്നില്ല.
- കുട്ടികളെ ഈ മേഖലകളിലേക്ക് ആകർഷിക്കാൻ സാധിക്കുന്നില്ല.
- തുടർ പഠന സാധ്യത കുറയുന്നു.
- ഈ സ്ഥാപനത്തിൽ പഠനതുടർച്ചക്ക് വഴിയില്ല.

പുതിയ ലക്ഷ്യങ്ങൾ

- അത്യാധുനിക മെഷീനുകളുടെ സഹായത്തോടെ ലാബ് നവീകരണം.
- സ്ഥലസൗകര്യം വർദ്ധിപ്പിക്കുക.
- കുട്ടികളെ കൂടുതലായി ട്രേഡിലേക്ക് ആകർഷിക്കുക
- തനതായ ശൈലിയിൽ നിന്നും കാലോചിതമായ മാറ്റം.
- വികസനോൻമുഖമായ കാഴ്ചപ്പാട് നൽകി കോഴ്സിന് പുതിയ മുഖം/പ്രതിച്ഛായ നൽകുക.
- തൊഴിൽ അവസരങ്ങൾക്ക് സാധ്യത ആരായുന്നതിനൊപ്പം തന്നെ തുടർ വിദ്യാഭ്യാസം നടത്തുന്നതിന് കുട്ടികൾക്ക് അവസരം കണ്ടെത്തണം.
- സിലബസ് പരിഷ്കരണം വ്യവസായത്തിന് അനുയോജ്യമായ രീതിയിൽ മാറ്റം നൽകുക.
- സാങ്കേതിക പരിജ്ഞാനം നേടാൻ കുട്ടികൾ മുന്നോട്ട് വരുമെന്ന് പ്രതീക്ഷ.

### 4.2.8 ഷീറ്റ് മെറ്റൽ

ലക്ഷ്യങ്ങൾ

- ട്രേഡിനെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ നൽകുക
- പ്രായോഗിക പരിശീലനം നൽകുക
- പണിയായുധങ്ങൾ സുരക്ഷിതമായി ഉപയോഗിക്കാൻ പരിശീലനം കൊടുക്കുക
- സാങ്കേതിക തികവോടെ പ്രവർത്തിക്കാൻ സജ്ജരാക്കുക
- മികവുറ്റ രീതിയിൽ കുട്ടികൾക്ക് പരിശീലനം നൽകുക.
- സ്വന്തമായി പ്രവർത്തികൾ ചെയ്യുവാൻ പ്രാപ്തരാക്കുക
- സാങ്കേതിക മേഖലയിൽ പാലിക്കേണ്ട സുരക്ഷ മാനദണ്ഡങ്ങൾ സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുക

പ്രബലത

- സാങ്കേതിക മേഖലയിലേക്ക് കുട്ടികൾ സധൈര്യം കടന്നു വരുന്നു
- അപകടസാധ്യത തീരെ കുറവ്
- അനായസമായി പ്രവർത്തിക്കാൻ പറ്റുന്നു.
- വലിയ സുരക്ഷ മുന്നൊരുക്കം ആവശ്യമില്ല
- സാങ്കേതിക വിദ്യ സ്വായത്തമാക്കുവാൻ കുട്ടികൾ താൽപര്യം കാണിക്കുന്നു
- ദൈനംദിന ജീവിതത്തിന് ആവശ്യമായ സാധനങ്ങൾ നിർമ്മിക്കുന്നവാൻ സാധിക്കുന്നു

ദൗർബല്യങ്ങൾ

- ഒറ്റ സ്റ്റാഫ് മാത്രമേ സെക്ഷനിൽ നിലവിൽ ഉള്ളൂ ആയതിനാൽ ക്ലാസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ സാധിക്കുന്നില്ല
- പരമ്പരാഗതമായ പണിയായുധങ്ങൾ ഉപയോഗിക്കുന്നുള്ളൂ പുതിയ ആയുധങ്ങൾ പരിചയപ്പെടുത്തുന്നില്ല
- സാങ്കേതിക മേഖലയിലെ മാറ്റത്തിന് അനുസ്യൂതമായ മാറ്റങ്ങൾ സെക്ഷനിൽ വന്നിട്ടില്ല

പുത്തൻ പ്രതീക്ഷകൾ

- അത്യാധുനിക സംവിധാനങ്ങൾ പ്രതീക്ഷിക്കുന്നു
- മികവുറ്റ പരിശീലനത്തിന് സാധ്യത
- സാങ്കേതിക മേഖലയിലെ പുതിയ മാറ്റങ്ങൾ ട്രേഡിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു

വെല്ലുവിളികൾ

- അടിസ്ഥാന സൗകര്യ വികസനത്തിൽ കാലതാമസം വരാം
- സാമ്പത്തിക ബാധ്യത പറഞ്ഞു തസ്തിക അനുവദിക്കില്ലെന്ന ആശങ്ക ഭാരിച്ച മുതൽമുടക്ക്
- അഭിരുചിക്ക് അനുസരിച്ച് കുട്ടികൾ വരുന്നില്ല

### 4.2.9 കാർപെന്ററി

**ലക്ഷ്യം**

ശാസ്ത്ര സാങ്കേതിക മേഖലയോടൊപ്പം നിത്യജീവിതത്തിലും കാർപെന്ററിക്ക് മുഖ്യമായ സ്ഥാനമാനുള്ളത്. 8-ാം ക്ലാസ്സിലെ വിദ്യർത്ഥികൾക്ക് അടിസ്ഥാന ട്രേഡായും 9-ാം ക്ലാസ്സിലെ വിദ്യർത്ഥികൾക്ക് എൻ. എസ്സ്. ക്യു. എഫ്. ആയും കാർപെന്ററി ട്രേഡിൽ പരിശീലനം നൽകുന്നു.

**പ്രബലത**

- ലഭ്യമായ സൗകര്യങ്ങളോടെ മെച്ചപ്പെട്ട പ്രായോഗിക പരിശീലനം നൽകുന്നു
- സ്കൂൾ തലത്തിൽതന്നെ കുട്ടികൾക്ക് വർക്ക് ചെയ്യുന്നതിനുള്ള കഴിവുണ്ടാക്കുക
- പണിയായുധങ്ങളും ഉപകരണങ്ങളും സുരക്ഷിതമായി ഉപയോഗിക്കാൻ പരിശീലനം നൽകുന്നു
- കാർപെന്ററി ട്രേഡിന്റെ അടിസ്ഥാന വിവരങ്ങൾ പരിശീലിപ്പിക്കുന്നു

**ദൌർബല്യങ്ങൾ**

- ആധുനിക ഉപകരണങ്ങളുടെ അപര്യാപ്തത
- ആധുനികവത്കരണത്തിന്റെ അഭാവം

# ENGLISH

## 4.2.10 Preface

English is the language that empowers our people in the present contest. It enjoys a status which no other language has. It is a language of trade, commerce, higher education and Science. Besides, it has felt impact on the internet and social media.

The demand of the public for English Compelled the authorities to introduce English from class I onwards in schools of Kerala. Care should be taken to ensure that learners achieve the learning out comes prescribed in the Curriculum. We have to provide our learners with ample opportunities to use the language effectively.

## Remedial Measures

### Pre-Test

1. Teaching alphabets.
2. Reading simple words.
3. Reading words with correct pronunciation.
4. Building words.
5. Framing sentences.
6. Use of dialogues.
7. Description of a picture or an event.
8. Identify words after an audio test.
9. Comprehension passages.
10. Developing an outline story.
11. Speech
12. Diary writing.

## Aim : Acquire the skills of Listening, Speaking, Reading, Writing

| Activity | Time | Responsibility |
|---|---|---|
| **Listening** | | |
| 1. Dictation | Weekly | English Teacher |
| 2. Read lessons from the text book & find out the answer | Daily | English Teacher |
| 3. Audio Test (Sources other than Text Books) | Monthly | English Teacher |
| **Speaking** | | |
| 1. Role play | | English Club |
| 2. Conversation | Termly | |
| 3. Discussion | | |
| 4. Speech | | |
| **Reading** | | |
| 1. Reading of lessons from the Text Book (Silent Reading & Loud Reading) | Daily | English Teacher |
| 2. Reading other books | | English Club |
| 3. Reading of News Paper | Daily | |
| 4. Reading a book in a week | | English Club |
| **Writing** | | |
| 1. Hand writing | | English Teacher |
| 2. Writing a story | | |
| 3. Narrating an event | | |
| 4. Paragraph writing | | |
| 5. Versification | | |
| 6. Class Magazine | | English Club |

**LACK OF EXPOSURE TO ENGLISH LITERATURE IN**

**PROMOTING READING SKILLS**

| Reasons | Remedial Measures | Activities |
|---|---|---|
| **Learners** | | |
| 1. Consider reading only as part of class room transaction. | Promote & execute programmes that help reading skills & exposure to English literature. | Display of Charts.<br><br>Use of library |
| 2. Lack of awareness in English literature classics | | Conduct various competitions under the guidance of English Club- Quiz, Oratory Competitions etc. |
| **Teacher** | | |
| 1. Lack of time in framing relevant club activities | | |

## Use of ICT

**Activity**

1. Create English blog where learners creativity is uploaded.
2. Prepare Magazines.
3. Watch films & narrate about the films/characters.
4. Encourage learners to make Audio Text.
5. Give subtitle in English for Malayalam films.
6. Preparing Radio drama.
7. English Theatre.

**Academic**

1. Most learners do not acquire the required curriculam objectives.
2. Lack of real life situations in promoting English as a language for communication.
3. More participation in club activities to promote international standards of English.

## Infrastructure

- Lack of English language club.
- Over crowded classrooms.

**Problem Analysis**

**Academic**

| Reasons | Remedial Measures | Activities |
|---|---|---|
| **Learner** | | |
| 1. Lack of interest | 1. Conducting a pre-test to assess the level of learners. | 1. Pre test. |
| 2. Lack of exposure | | 2. Special Module based on functional aspects & conducting Bridge course |
| **Teacher** | | |
| 1. Lack of time in implementing creative activities in class room. | 2. Develop a project to enhance the basic skill of students | 3. Instal a full fledged **Language laboratory** to acquire proficiency in English language. |
| 2. Teachers are compelled to finish immediate tasks | 3. Planning classroom activities so as to address different level of learners. | 4. Framing activities to different level of learners. |
| **System** | | |
| 1. Only syllabus oriented transactions of objectives. | | |
| **Parent** | | |
| 1. Lack of learning environment at home. | | |
| 2. Lack of awareness. | | |

# Language Lab

In a modern language lab, the learner can record their own voice & play back the recordings, interact with each other. Teacher can intervence & control the learners computer. The purpose of language lab is to involve students to actively participate in language learning exercise that otherwise which is not possible in traditional classroom method.

## Components of a Language Lab

1. Teacher/Students console (Computer with appropriate software for conducting long exercise.
2. Headsets for teachers & students.
3. Media player / recorder
4. LAN or Audio calling
5. Working for developing multilevel ability.

# English Club

Various activities under guidance of English club must try to fill various gaps in language as an instructural tool.

The learner must get various aspects of the language like Listening, Speaking, Reading & Writing skills. Observing English Day, conducting assembly in English, school radio are some of the vibrant activities of the club.

## Drawbacks

- Certain drawbacks noticed are, children lack basic knowledge in English language in fields like reading, spelling, pronunciation.

  Students join this school without basic knowledge. It is the weakness of the institution, accepting / admitting children only to fillup the vacancy. Therefore expecting them to produce outstanding results maynot work out.

- Provision of adequate furniture and study materials should be ensured.
- Personal attention to each student is not possible as each class is over crowded.

# PT, Games, Yoga

**“ A Healthy body keeps a Healthy mind in it”**

- Physical training, games and yoga are very essential to give the children physical and mental strength. We are not providing any such facilities. So much so, no Indoor games like carromboard, chess etc are provided to keep them engaged during leisure hours.

- Provision of drinking water, clean toilets, are very essential. It is suggested that adequate dustbins are placed at suitable places in & around the school building, so that the area around is maintained.

- To guide the students & also to maintain a bonded relation between the students & staff / teachers, there is a requirement of appointing a school leader who is a role model.

## Discipline

- School discipline needs to be improved ensuring proper uniform, Id cards, Diary etc.
- Periodic counseling on various fields by professionals to be ensured. Even occasionally staff can be counseled on relevant subjects.
- School should be Eco friendly. Adequate plants & trees should come up around its complex.
- **Library** should be made more functional with adequate reading materials. A **‘Reader’s corner’** can be started where children can visit anytime & read news papers & periodicals. It is also suggested that during birthdays if a child is interested he or she can donate a book to the library. This is applicable to the staff also.

Last but not the least the success of an institution depends upon the Team Effort. So let’s work as a cohesive team. May the God Almighty shower His blessings upon each one of us to make this academic year a Blessed Year.

# *മേഖല – മലയാളം*

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല ക്ലാസ് |
|---|---|---|---|---|---|
| 01 | ഭാഷാപരമായ പിന്നാക്ക അവസ്ഥ പരിഹരിക്കൽ | മലയാളം അക്ഷരങ്ങളും അടയാളങ്ങളും ഉറപ്പിക്കൽ | അക്ഷരം, അടയാളം ഇവ ഉറപ്പിക്കൽ (വായന കാർഡ്, വാക്കുകൾ, വാക്യനിർമ്മാണം) ചിത്രം നോക്കി കഥ പറയൽ, എഴുത്ത്, കഥ പൂർത്തിയാക്കൽ, | 6-മാസം | മലയാളം അധ്യാപകർ |
| 02 | വായനാക്കൂട്ടം | മാതൃഭാഷാ മികച്ച രീതിയിൽ വായിക്കുക, വായനാശീലം വളർത്തുക | വായനാക്കളരി, ക്ലാസ് ലൈബ്രറി, കഥയരങ്ങ്, കവിയരങ്ങ് | 6 മാസം | സാഹിത്യ ക്ലബ്ബ്, മലയാളം അധ്യാപകർ |
| 03 | രചനാ ശില്പശാല | സർഗ്ഗാത്മകശേഷി വളർത്തുക | രചനാമത്സരങ്ങൾ സംഘടിപ്പിക്കുക, വേണ്ട വിധത്തിൽ പ്രോത്സാനം നൽകുക | 3 മാസത്തിലൊരിക്കൽ | അധ്യാപകർ |
| 04 | സർഗ്ഗസല്ലാപം | ഭാഷയിലൂടെ വിവിധശേഷികളിൽ മികവ് നേടുക | പ്രാദേശിക എഴുത്തുകാരെ വിദ്യാലയത്തിൽ കൊണ്ടുവന്ന് വായനാനുഭവം പങ്കുവയ്ക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഭാഷാധ്യാപകർ |
| 05 | നാടകക്കളരി | ഒരു സാഹിത്യത്തെ മറ്റൊരു സാഹിത്യരൂപത്തിലേക്ക് മാറ്റൽ | പാഠഭാഗത്തിലൂടെ പരിചയപ്പെട്ടതോ,ബാല സാഹിത്യരചനകളോ നാടകരൂപത്തിലാക്കുക | പ്രതിമാസം | ഭാഷാധ്യാപകർ |

# മേഖല - ഗണിതം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല ക്ലാസ് |
|---|---|---|---|---|---|
| 01 | കുടുംബ ബഡ്ജറ്റ് തയ്യാറാക്കൽ | ഗണിതം നിത്യജീവിതത്തിൽ ഉപയോഗിച്ച് പഠനം സുഗമമാക്കൽ | വീട്ടിലെ വരവ് ചെലവ് ഇനങ്ങൾ ലിസ്റ്റ് ചെയ്ത് ബഡ്ജറ്റ് തയ്യാറാക്കൽ | ജൂൺ- ജൂലൈ മാസം | ഗണിതാധ്യാപകർ |
| 02 | ഗണിത ലാബ് സജ്ജീകരിക്കൽ | ഗണിതപഠനം സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരുമുറിയിൽ സജ്ജീകരിച്ച് ക്ലാസുകൾ നടത്തുന്നതിനുള്ള ക്രമീകരണം ചെയ്യൽ(ചാർട്ട് മോഡലുകൾ) | ആവശ്യാനുസരണം | ഗണിതക്ലബ്ബ് ഗണിത അധ്യാപകർ |
| 03 | ഗണിതം കളികളിലൂടെ | ഗണിതം മധുരതരമാക്കി ഗണിതപഠനം സുഗമമാക്കൽ | മാന്ത്രികചതുരം,സംഖ്യ ഗോപുരം,ജ്യാമിതിയരൂപങ്ങൾ നിർമ്മിക്കുക | ദീർഘകാലം | ഗണിതക്ലബ്ബ് |
| 04 | ഗണിത ലൈബ്രറി | ഗണിതപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ | ഗണിതപുസ്തകങ്ങൾ,ഗണിതശാസ്ത്രജ്ഞർ, ജീവചരിത്രം തുടങ്ങിയവ ശേഖരിച്ച് ഗണിതലൈബ്രറി നിർമ്മാണം | ഹ്രസ്വകാലം | ഗണിതക്ലബ്ബ് |

# മേഖല – ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | – |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. **<u>ശാസ്ത്രലാബ് നവീകരണം</u>** ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | – |

# മേഖല – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |